## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. *418      15.05.2017 ൽ മറുപടിയ്ക്ക്

## ഓൺലൈൻ പോക്കുവരവ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ്<br>മന്ത്രി |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | വില്ലേജ് റിക്കാർഡുകളുടെ ഡിജിറ്റലൈസേഷനുമായി ബന്ധപ്പെട്ട് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) | വില്ലേജ് റിക്കാർഡുകളുടെ ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഇതിനകം 1185 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. ടി 1185 വില്ലേജുകളിൽ 417 എണ്ണത്തിൽ തണ്ടപ്പേർ രജിസ്റ്ററുകളും ഡിജിറ്റൈസ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള വില്ലേജുകളിലെ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഓൺലൈൻ പോക്കുവരവ് സംവിധാനം കേരളത്തിലെ എല്ലാ വില്ലേജുകളിലും നടപ്പിലായിട്ടുണ്ടോ; ഇനി എത്ര വില്ലേജുകളിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കാനുണ്ട് എന്നറിയിക്കുമോ; | (ബി) | ഇല്ല.<br>ഇനി സംസ്ഥാനത്ത് 479 വില്ലേജുകളിൽ ഓൺലൈൻ പോക്കുരവ് സംവിധാനം നടപ്പിലാക്കാനുണ്ട്. |
| (സി) | ഓൺലൈൻ പോക്കുവരവുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ലഭിക്കേണ്ട വിവരങ്ങൾ കൃത്യമായി ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ